മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 ജൂൺ 2

# വാർത്താക്കുറിപ്പ്

## വിഷ്ണു ശ്രീജിത്തിന് അവാർഡ്

ഫെബ്രുവരിയിൽ നടന്ന 34 -ാമത് കേരള സയൻസ് കോൺഗ്രസിൽ പരിസ്ഥിതി-വനം-വന്യമൃഗസംരക്ഷണ ശാസ്ത്ര ശാഖകളുമായി ബന്ധപ്പെട്ട വിഭാഗത്തിൽ ഏറ്റവും മികച്ച പ്രബന്ധാവതരണത്തിനുള്ള അവാർഡ് മഹാത്മാഗാന്ധി സർവ്വകലാശാല, സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസസിലെ ഗവേഷക വിദ്യാർത്ഥി എം. വിഷ്ണു ശ്രീജിത്തിന്. കോവളത്തെ ആർട്ട്സ് ആന്റ് ക്രാഫ്റ്റ് വില്ലേജിൽ നടന്ന ചടങ്ങിൽ പ്ലാനിംഗ് ബോർഡ് ഉപാധ്യക്ഷൻ പ്രൊഫ. വി.കെ. രാമചന്ദ്രൻ അവാർഡ് സമ്മാനിച്ചു.

മഹാത്മാഗാന്ധി സർവ്വകലാശാല പ്രോ-വൈസ് ചാൻസലർ പ്രൊഫ. സി.റ്റി. അരവിന്ദകുമാറിന്റെയും കുസാറ്റ് സ്കൂൾ ഓഫ് എൻവയോൺമെന്റൽ സ്റ്റഡീസ് മേധാവി പ്രൊഫ. ഉഷ കെ. അരവിന്ദിന്റെയും കീഴിൽ അന്തരീക്ഷ വായുവിലെ സൂക്ഷ്മ കണികകളുടെ സാന്നിധ്യം സംബന്ധിച്ച് ഗവേഷണം നടത്തുന്ന വിഷ്ണു ശ്രീജിത്ത് കോഴിക്കോട് പൊറ്റമേൽ നാരായണയിൽ സി. കൃഷ്ണകുമാറിന്റെയും എം. സേതുലക്ഷ്മിയുടേയും മകനാണ്.

**ഫോട്ടോ ക്യാപ്ഷൻ:** വിഷ്ണു ശ്രീജിത്ത് പ്ലാനിംഗ് ബോർഡ് ഉപാധ്യക്ഷനിൽ നിന്ന് അവാർഡ് സ്വീകരിക്കുന്നു.

(പി.ആർ.ഒ./39/665/2022)

## എബ്രഹാം കെ. സാമുവേൽ ഡയറക്ടർ

മഹാത്മാഗാന്ധി സർവ്വകലാശാല സ്റ്റുഡന്റ് സർവ്വീസസ് ഡിപ്പാർട്ട്മെന്റ് ഡയറക്ടറായി എബ്രഹാം കെ. സാമുവേൽ ചുമതലയേറ്റ കോട്ടയം സി.എം.എസ്. കോളേജിൽ നിന്ന് ഗണിതശാസ്ത്രവിഭാഗം തലവനായി വിരമിച്ച ശേഷം മഹാത്മാഗാന്ധി സർവ്വകലാശാലയുടെ ഗണിതശാസ്ത്ര വിഭാഗത്തിൽ സേവനമനുഷ്ഠിച്ച് വരികയായിരുന്നു.

**ഫോട്ടോ ക്യാപ്ഷൻ:** എബ്രഹാം കെ. സാമുവേൽ

(പി.ആർ.ഒ./39/666/2022)

## ശില്പ്പശാല സംഘടിപ്പിച്ചു

സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സും ഇന്ത്യൻ കൗൺസിൽ ഓഫ് സോഷ്യൽ സയൻസ് റിസർച്ചും സംയുക്തമായി നടപ്പിലാക്കുന്ന 'ഉൾനാടൻ മത്സ്യ മേഖലയിലെ സ്ത്രീകളുടെ തൊഴിൽ പ്രശ്നങ്ങളും ഭരണനിർവ്വഹണത്തിലെ ഉൾച്ചേർക്കലും' എന്ന പ്രോജക്ടിനോട് അനുബന്ധിച്ച് ഏകദിന ശില്പ്പശാല സംഘടിപ്പിച്ചു. സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസിൽ വച്ച് നടത്തിയ ശില്പ്പശാലയിൽ ഉൾനാടൻ മത്സ്യമേഖലയെ പ്രധിനിധീകരിച്ച് സി.ജെ. തങ്കച്ചൻ, പി.പി. ജോൺ എന്നിവർ യൂണിവേഴ്സിറ്റി വിദ്യാർത്ഥികളുമായി സംവദിച്ചു. ഉൾനാടൻ മേഖലയിൽ മത്സ്യബന്ധനം നടത്തി ജീവിക്കുന്ന സ്ത്രീകളുടെ പ്രശ്നങ്ങളും ചർച്ചചെയ്തു. മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി അസിസ്റ്റന്റ് പ്രൊഫസർ ഡോ. ബിജുലാൽ എം.വി. ശില്പ്പശാലക്ക് നേതത്വം നൽകി.

(പി.ആർ.ഒ./39/667/2022)

## പരീക്ഷ മാറ്റി

ജൂൺ 20 ന് നടത്താനിരുന്ന 'എൻവയോൺമെന്റൽ എഞ്ചിനീയറിംഗ് II (സി) പരീക്ഷ ജൂൺ 23 ലേക്ക് മാറ്റി. എട്ടാം സെമസ്റ്റർ ബി.ടെക്ക് (1997 മുതൽ 2009 വരെയുള്ള അഡ്മിഷൻ - മേഴ്സി ചാൻസ്) പരീക്ഷയുടെ ജൂൺ 28 ന് നടത്താനിരുന്ന 'കോസ്റ്റ് എസ്റ്റിമേഷൻ (യു)' പേപ്പർ ടൈം ടേബിളിൽ നിന്നും ഒഴിവാക്കി.

(പി.ആർ.ഒ./39/668/2022)

## മാറ്റി വെച്ച പരീക്ഷകൾ ജൂൺ ആറ് മുതൽ

ഏപ്രിൽ 25 ന് തുടങ്ങാൻ നിശ്ചയിച്ച് പിന്നീട് മാറ്റിവെച്ച മൂന്നാം സെമസ്റ്റർ എം.എസ് സി.-ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (2020 അഡ്മിഷൻ - റെഗുലർ / 2019 അഡ്മിഷൻ - സപ്ലിമെന്ററി, സി.എസ്.എസ്.) പരീക്ഷകൾ ജൂൺ ആറിന് ആരംഭിക്കും. വിശദമായ ടൈം ടേബിൾ സർവ്വകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/669/2022)

## റാങ്ക് പട്ടിക

അവസാന വർഷ ബി.എസ് സി. - മെഡിക്കൽ ലബോറട്ടറി ടെക്നോളജി പരീക്ഷയുടെ അന്തിമ റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചു. പട്ടിക സർവ്വകലാശാല വെബ്സൈറ്റിൽ (www.mgu.ac.in) പരിശോധിക്കാം.

(പി.ആർ.ഒ./39/670/2022)

## പരീക്ഷാ ഫീസ്

ഒന്നാം സെമസ്റ്റർ ബി.എൽ.ഐ.എസ് സി. (2021 അഡ്മിഷൻ - റെഗുലർ / 2020 അഡ്മിഷൻ - സപ്ലിമെന്ററി / 2019, 2018, 2017 അഡ്മിഷനുകൾ - മേഴ്സി ചാൻസ്) പരീക്ഷകൾ ജൂൺ 24 ന്

ആരംഭിക്കും. പിഴയില്ലാതെ ജൂൺ 14 വരെയും 525 രൂപ പിഴയോട്ടു കൂടി ജൂൺ 15 നും 1050 രൂപ സൂപ്പർഫൈനോട്ടു കൂടി ജൂൺ 16 നും അപേക്ഷിക്കാം. ടൈം ടേബിൾ, മേഴ്സി ചാൻസ് ഫീസ് സംബന്ധിച്ച വിശദവിവരങ്ങൾ സർവ്വകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/671/2022)

## പരീക്ഷാ ഫലം

2022 ഏപ്രിലിൽ നടന്ന നാലാം സെമസ്റ്റർ എം.എ. സോഷ്യോളജി (പ്രൈവറ്റ് പഠനം) സ്പെഷ്യൽ സപ്ലിമെന്ററി വൈവാ വോസി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ സർവ്വകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/672/2022)

പി.സി. സുരേഷ് കുമാർ
പബ്ലിക് റിലേഷൻസ് ഓഫീസർ